**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1793** **04.10.2016 ൽ മറുപടിയ്ക്ക്**

ഇരിങ്ങൽ സർഗ്ഗാലയുടെ വികസനം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.കെ. ദാസൻ : | ശ്രീ. എ. സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പമന്ത്രി) |
| [എ] ദേശീയ വിനോദ സഞ്ചാര മേഖലയിൽ ആദ്യത്തെ ഏറ്റവും നല്ല ഗ്രാമീണ വിനോദ സഞ്ചാര കേന്ദ്രമായി തെരഞ്ഞെടുത്ത ഇരിങ്ങൽ സർഗ്ഗാലയുടെ വികസനത്തിന് ആവിഷ്ക്കരിക്കാൻ പോവുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | [എ] & (ബി) ദേശീയ വിനോദ സഞ്ചാര മേഖലയിൽ ആദ്യത്തെ ഏറ്റവും നല്ല ഗ്രാമീണ വിനോദ സഞ്ചാര കേന്ദ്രമായി തെരഞ്ഞെടുത്ത ഇരിങ്ങൽ സർഗ്ഗാലയുടെ വികസനത്തിന് പൂർത്തീകരിച്ച പദ്ധതികൾക്കു പുറമെ താഴെ പറയുന്ന പുതിയ പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. നിലവിലുള്ള ക്രാഫ്റ്റ് വില്ലേജിന്റെ പരിഷ്കരണം പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തൽ, നെയ്ത്തു ഗ്രാമത്തെ പൈതൃക ഗ്രാമമായി വികസിപ്പിക്കൽ കോട്ടതുരുത്ത് ഐലന്റിന്റെ വികസനം , കുഞ്ഞാലി മരയ്ക്കാർ മ്യൂസിയത്തിന്റെ വികസനം, വെള്ളിയാൻ കല്ലിലും കോട്ടപ്പുഴയിലും അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റികൾ, കണ്ടൽ കാട് പാർക്ക് സംരക്ഷണവും വികസനവും. |
| (ബി) സർഗ്ഗാലയ കേന്ദ്രബിന്ദുവാക്കിക്കൊണ്ട് സർക്കാർ മുൻപാകെ സമർപ്പിക്കപ്പെട്ട പദ്ധതികൾ എന്തെല്ലാം എന്നത് വിശദമാക്കാമോ; ഈ പദ്ധതികളുടെ നടപടികളുടെ കാര്യത്തിൽ പുരോഗതി വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ